

THURSDAY 22.02.2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 22/02/2024

1. കോഴിക്കോട് ഫ്രൂട്ട്സ് ആൻറ് സ്പൈസസ് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെയും കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് ഇക്കോ ഷോപ്പിന്റെയും കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് മാലിന്യ മുക്ത പഞ്ചായത്ത് ആയി പ്രഖ്യാപിക്കുന്നതിന്റെയും ഉദ്ഘാടനം ഇന്ന് (ഫെബ്രുവരി 22) രാവിലെ 11 മണിക്ക് തിരുവമ്പാടി എം എൽ എ ലിന്റോ ജോസഫിന്റെ അധ്യക്ഷതയിൽ കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കുന്നു.

2. കാർഷിക ഉൽപ്പന്നങ്ങളും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും, കർഷകരിൽ നിന്നും, നേരിട്ട് വാങ്ങുവാൻ താൽപ്പര്യമുള്ള സംരംഭകർക്കായി 2024 ഫെബ്രുവരി 27 രാവിലെ 10 മണിമുതൽ 3 മണിവരെ എറണാകുളം ജില്ലയിലെ ഗോകുലം പാർക്കിൽ വച്ച് സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ 9745108953 എന്ന നമ്പരിൽ രജിസ്റ്റർ ചെയ്യുക.

3. തെങ്ങിലെ കൂമ്പുചീയൽ നിയന്ത്രണത്തിന് ഉപയോഗിക്കാവുന്ന ട്രൈക്കോ ഡെർമ കൊയർപിത്ത് കേക്കുകൾ (70,000) എണ്ണം കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ള സ്റ്റേഷനുകൾ 8547675124 നമ്പറിൽ ബന്ധപ്പെടുക. പാർസൽ ആയും എത്തിച്ചു നൽകുന്നതാണ്.

4. കുടുംബശ്രീ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി ലിമിറ്റഡ് (കേരള ചിക്കൻ) പാലക്കാട് ജില്ലയിൽ ബ്രോയിലർ കോഴി ഫാമുകൾ ആരംഭിക്കുന്നതിന് ജില്ലയിലെ കുടുംബശ്രീ/ ഓക്സിലറി ഗ്രൂപ്പുകൾക്ക് അപേക്ഷിക്കാം. 1000-5000 കോഴികളെ പരിപാലിക്കുന്ന ഫാമുകളാണ് ആരംഭിക്കേണ്ടത്. നിലവിൽ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഫാമുകൾക്കു മുൻഗണന ലഭിക്കും. നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറം പൂരിപ്പിച്ച് ഫെബ്രുവരി 29 ന് വൈകിട്ട് 5 -നകം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന ഓഫീസിൽ നൽകണമെന്ന് ഡിസ്ട്രിക്ട് മിഷൻ കോ-ഓർഡിനേറ്റർ അറിയിച്ചു.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അപേക്ഷ ഫോറത്തിനും വിശദവിവരങ്ങൾക്കും കുടുംബശ്രീ സി.ഡി.എസ് ഓഫീസുമായി ബന്ധപ്പെടണമെന്ന് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ അറിയിച്ചു.

5. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുൽപാദന ശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങളെ എട്ട് രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ലഭിക്കും. താത്പര്യമുള്ള കർഷകർക്ക് 04792452277, 9544239461 മുൻകൂട്ടി രജിസ്റ്റർ ചെയ്ത് വാങ്ങാവുന്നതാണ്.

6. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ പശുക്കൾക്ക് തീറ്റയായി നൽകുന്നതിന് ഉദ്ദേശം 50 ടൺ ഉണക്ക വൈക്കോൽ വിതരണം ചെയ്യുന്നതിന് താല്പര്യമുള്ളവരിൽനിന്ന് മുദ്രവച്ച മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ ലഭിക്കേണ്ട അവസാന തീയതി ഫെബ്രുവരി 28പകൽ 11 മണിവരെയാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 -2732962 എന്ന ഫോൺ നമ്പറിൽ ഓഫീസുമായി ബന്ധപ്പെടുക.

7. തിരുവനന്തപുരം കുടപ്പനക്കുന്ന് കൃഷിഭവൻ പരിധിയിലെ കാർഷിക കർമസേനയിലേക്ക് തെങ്ങുകയറ്റം ഉൾപ്പെടെയുള്ള കാർഷിക പ്രവർത്തനങ്ങൾക്ക് ടെക്നീഷ്യൻമാരെ തിരഞ്ഞെടുക്കുന്നു. 18-നും 40-നും മധ്യേ പ്രായമുള്ളവർക്കാണ് നിശ്ചിത വേതനത്തോടെ അവസരം. താത്പര്യമുള്ളവർക്ക് ഈ മാസം 27-ന് രാവിലെ 11 മണിക്ക് കുടപ്പനക്കുന്ന് കാർഷിക കർമസേന ഓഫിസിൽ എത്തിച്ചേരണം. കൂടുതൽ വിവരങ്ങൾക്ക് 9495 825889 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

8. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറെ ആഭിമുഖ്യത്തിൽ 'മുട്ടക്കോഴി വളർത്തൽ' എന്ന വിഷയത്തിൽ ഫെബ്രുവരി 27, 28 തീയതികളിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി രണ്ടു ദിവസത്തെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454, 9188522713 എന്നീ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ കോപ്പി കൊണ്ടുവരേണ്ടതാണ്.

9. കേരള കാർഷിക സർവ്വകലാശാല- കോഴിക്കോട് വേങ്ങേരി കാർഷിക വിജ്ഞാന-വിപണന കേന്ദ്രത്തിൽ വെച്ച് പച്ചക്കറി തൈ ഉത്പാദനം, പച്ചക്കറി തൈകളിലെ ഗ്രാഫ്റ്റിങ് എന്ന വിഷയത്തിൽ ഈ മാസം 24 ന് (24.02.2024) രാവിലെ 10.0 മണി മുതൽ 1 മണി വരെ കർഷകർക്കായി പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി 0495 2935850, 9188223584 എന്നീ ഫോൺ നമ്പറിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് അവസരമുണ്ടായിരിക്കുന്നതാണ്.

10. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് ഫെബ്രുവരി 27 മുതൽ 29 വരെയുള്ള തീയതികളിൽ നടക്കും. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.